13

# സുവിശേഷ ചരിത്രം

## അല്ലെങ്കിൽ, യേശുക്രിസ്തുവിന്റെ വ്യക്തിപരമായ ദൗത്യവും പ്രവൃത്തിയും, ബി.സി. 5-എ.ഡി. 30[1]

### മുഖവുര

**1. ബൈബിൾ ചരിത്രത്തിലെ കേന്ദ്ര കഥാപാത്രം ക്രിസ്തുവാകുന്നു. –** ബൈബിളിലെ എല്ലാ വരികളും കേന്ദ്രീകരിക്കുന്നത് ക്രിസ്തുവിലേക്കാണ്. വാഗ്ദാനം ചെയ്ത "സ്ത്രീയുടെ സന്തതി" യായ അവനാണ് സർപ്പത്തിന്റെ തല തകർക്കേിയിരുന്നത് (ഉൽപ. 3:15), ഉടമ്പടിയിലെ അബ്രഹാമിന്റെ "സന്തതി" ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിക്കേതാവുന്നു (ഉൽപ. 12:1-3). പിതാക്കന്മാരുടെയും യെഹൂദന്മാരുടെയും കാലത്തിലെ യാഗങ്ങൾ, ജാതികളുടെ ആരാധനകൾ പോലെ നൂറ്റാുകളോളം നീുപോയിരുന്നു, അവയ്ക്ക് പ്രത്യേകം പ്രാധാന്യം ഉായിരുന്നു എന്നതിൽ സംശയമില്ല. പാപത്തിന്റെ ഫലമായി ജീവിതം സർവ്വലോകത്തിലും ത്യാഗപൂർണ്ണമായി തീർന്നത് കൊ്, മനുഷ്യഹൃദയങ്ങൾ സമാധാനത്തിനും പാപക്ഷമാപണത്തിനും വേി പരിതാപകരമായി കരഞ്ഞുകൊിരുന്നു. എന്നാൽ എബ്രായ പുരോഹിതന്മാരുടെ യാഗങ്ങൾ മുഖ്യപ്രാധാന്യമർഹിക്കുന്നതായിരുന്നു. നൂറ്റാുകളായുള്ള മനുഷ്യരുടെ ഈ അവസ്ഥ കുമടുത്തതിനാൽ ദൈവികത്വത്തിന്റെ സ്വയ-ത്യാഗം മനുഷ്യവർഗ്ഗത്തിന്റെ വീടെുപ്പിന് അത്യാവശ്യമായി തീർന്നു: അതിന് അവൻ "ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന *ദൈവത്തിന്റെ* കുഞ്ഞാടിനെ" അയച്ചു (യോഹന്നാൻ 1:29). അങ്ങനെ അസംഖ്യം രീതികളും പ്രവചനങ്ങളും ക്രിസ്തുവിലേക്ക് കേന്ദ്രീകരിക്കുന്നതായിരുന്നു. അതേ പോലെ തന്നെ പുതിയനിയമ വരികളെല്ലാം പുറകോട്ട് ക്രിസ്തുവിലേക്ക് വിരൽ ചൂന്നവയാണ്. നാം ക്രിസ്തുവിനെ പ്രസംഗിക്കുന്നു, ക്രിസ്തുവിൽ വിശ്വസിക്കുന്നു, ക്രിസ്തുവിനെ ഏറ്റു പറയുന്നു, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുന്നു, ക്രിസ്തുവിന്റെ മരണത്തെ ഓർമ്മിക്കുവാൻ കർത്തൃമേശ ആചരിക്കുകയും അന്നേ ദിവസം ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനേയും ഓർമ്മിക്കുന്നു. ബൈബിളിലെ എല്ലാ പുസ്തകങ്ങളും ഒന്നിലേക്ക് കൂട്ടിച്ചേർക്കുന്ന ചുവപ്പുനൂലാണ് ക്രിസ്തുമൂലമുള്ള വീടെുപ്പ്.

**2. ലോകചരിത്രത്തിലേക്കുള്ള താക്കോൽ ക്രിസ്തുവാണ്. –** യേശുവിന്റെ ജനനം ഒരു മുഖ്യ സംഭവമായിരുന്നു. അവന്റെ വരവിനുവേിയുള്ള ദൈവാധീനമായ ഒരുക്കങ്ങളായിരുന്നു എബ്രായ വംശക്കാരെ തിരഞ്ഞ് സംരക്ഷിച്ചത്; അലക്സാറുടെ കീഴടക്കലും യവനഭാഷയുടെ വ്യാപ്തിയും ആ ഉദ്ദേശത്തിൽ ഉൾപ്പെട്ടിരുന്നു; റോമാസാമ്രാജ്യം എഴുന്നേറ്റതും, അതിന്റെ നിയമ വ്യവസ്ഥകളും, റോഡുകളും സംസ്കാരവും; തങ്ങ

ളുടെ വിശുദ്ധ തിരുവെഴുത്തുകളുമായി യെഹൂദന്മാർ ചിതറിപോയതും; യവന തത്വശാസ്ത്രത്തിന്റെ പരക്കെയുള്ള സ്വാധീനവും; ജാതികളുടെ ദേവന്മാരിലുള്ള വിശ്വാസം ഇല്ലാതായതും, കിഴക്കുനിന്ന് വലിയൊരു ഭരണാധികാരി വരും എന്ന വിശാലമായ പ്രതീക്ഷയും അതിൽ ഉൾപ്പെട്ടിരുന്നു. അവരുടെ ഞരമ്പുകളിലേക്ക് അപരിഷ്കൃതർ കടന്നുവന്നതുപോലെ ക്രിസ്ത്യാനിത്വം റോമാ സാമ്രാജ്യങ്ങളിൽ വ്യാപിച്ചതു തീർച്ചയായും യാദൃശ്ചികമായിട്ടായിരുന്നില്ല, അവർക്കിടയിലേക്കുവന്ന ശക്തമായ ദേശങ്ങൾ ലോകത്തിന്റെ അന്തിമസ്ഥാനത്തിന് ആകൃതി വരുത്തുകയായിരുന്നു.

3. **ചരിത്രത്തിന്റെ ഉറവിടങ്ങൾ**. – അവ നാലു ചെറിയ വൃത്താന്ത കുറിപ്പുകളായി സാധാരണ സുവിശേഷങ്ങൾ എന്നു വിളിക്കുന്ന, മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവയാണ്.

*a. മത്തായി* (ലേവി) തന്റെ ചുങ്കം-പിരിവുകാരൻ, എന്ന ജോലി വിട്ട്, യേശുവിന്റെ ശിഷ്യനായി തീർന്നു (മത്താ. 9:9; മർക്കൊസ് 2:14). പിന്നീടു അവനെ പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനായി തിരഞ്ഞെടുത്തു (മത്താ. 10:3). അവൻ പ്രത്യേകമായി യെഹൂദന്മാർക്കാണ് എഴുതിയത്. (1) അവൻ പഴയനിയമ പ്രവചനം അറുപത്തി-അഞ്ചു പ്രാവശ്യം ഉദ്ധരിച്ചു. നോക്കുക, ഒരു അദ്ധ്യായത്തിൽ തന്നെ, മത്താ. 2:5, 6, 15, 17, 23. (2) യെരുശലേമിന്റെ അവനിഷ്ടപ്പെട്ട പേർ “വിശുദ്ധ നഗരം” എന്നായിരുന്നു (4:5; 24:15; 27:53). എട്ടുപ്രാവശ്യം അവൻ യേശുവിനെ “ദാവീദിന്റെ സന്തതി” എന്നു വിളിച്ചിരിക്കുന്നു (1:20; 9:27; 12:23), മുതലായവ.

*b. മർക്കൊസ്* യേശുവിന്റെ വ്യക്തിപരമായ ശിഷ്യനായിരുന്നില്ല, എന്നാൽ പത്രൊസ് പരിവർത്തനം ചെയ്തവനും (1 പത്രൊ. 5:13), പൗലൊസിന്റെ സഹയാത്രക്കാരനുമായിരുന്നു (പ്രവൃത്തികൾ 13:5; *ഒ.വാ.* പ്രവൃത്തികൾ 12:25; 2 തിമൊ. 4:11). അവൻ കൃത്യമായും എഴുതിയത് യെഹൂദന്മാർ അല്ലാത്ത വായനക്കാർക്കുവേയാണ്, അവൻ പഴയനിയമത്തിലെ ചില ഉദ്ധരണികൾ ഉപയോഗിക്കുകയും, പരോക്ഷമായി ചില യെഹൂദ ആചാരങ്ങളെ വിശദീകരിക്കുകയും ചെയ്തു (2:18; 13:3; 14:12).

*c. ലൂക്കൊസ്* വ്യക്തിപരമായി യേശുവിന്റെ ശിഷ്യൻ ആയിരുന്നില്ല (1:1–4). അവൻ ഒരു വൈദ്യനും (കൊലൊ. 4:14), ആദ്യമായി അവനെ കാണുന്നത് പൗലൊസിന്റെ ഒരു കൂട്ടുയാത്രക്കാരനായും (പ്രവൃത്തികൾ 16:10 പിന്നെ “ഞങ്ങൾ” എന്ന പ്രവൃത്തികളിലെ മറ്റു വേദഭാഗങ്ങളിലും കാണുന്നു).

*d. യോഹന്നാൻ* ആദ്യത്തെ അഞ്ചു ശിഷ്യന്മാരിൽ ഒരാളായിരുന്നു (1:35–51). അവൻ ഒരു അപ്പൊസ്തലൻ ആയി തീരുകയും (മത്താ. 10:2), “യേശു സ്നേഹിച്ച” ശിഷ്യനെന്നു വിളിക്കപ്പെടുകയും ചെയ്തു (13:23; 19:26; 20:2). അവനാരംഭത്തിൽ മീൻപിടിക്കുന്നവനായിരുന്നു (ലൂക്കൊസ് 5:1–11).

മത്തായിയും ലൂക്കൊസും യേശുവിന്റെ ജനനത്തെയും ശൈശവകാലത്തെയും കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. മർക്കൊസ് ആരംഭിക്കുന്നത് യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയും, യേശുവിന്റെ സ്നാനവും മുതലാണ്. മറ്റുള്ളവരെല്ലാം മരിച്ച് വളരെ കാലശേഷം, അവർ വിട്ടവയിൽ മിക്കവയും ഉൾപ്പെടുത്തി, യേശുവിന്റെ പല പരിവർത്തനങ്ങളെയും ചേർത്ത്, യോഹന്നാൻ എഴുതുകയുായി. യേശുവിന്റെ ജനനം, സ്നാനം, പരീക്ഷണം, ഗിരിപ്രഭാഷണം, എല്ലാ ഉപമകളും, മറുരൂപം, കർത്തൃമേശ സ്ഥാപനം, ഗദ്ശമനയിലെ വ്യഥ എന്നിവയാണ് അവൻ വിട്ടുകളഞ്ഞത്. ആദ്യത്തെ

മൂന്നു വിവരണങ്ങളും ഒരേ പോലെ ആയതുകൊാണ്, അവയെ സിനോ പ്റ്റിക്സ് എന്നു വിളിച്ചത്.

---

കുറിപ്പ്

[1]ആ കാലഘട്ടത്തെ മറ്റൊരു രീതിയിൽ, പകരമുള്ള ഒരു കാലമായി പറയാവുന്നത്, ബി.സി. 2–ഏ.ഡി. 33 ആണ്.